REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 28-02-2025** | **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

- പ്രധാനമന്ത്രി നരേന്ദ്ര മോദി യൂറോപ്യൻ കമ്മീഷൻ പ്രസിഡന്റുമായി ഇന്ന് ഡൽഹിയിൽ പ്രതിനിധിതല ചർച്ച നടത്തും.
- വന്യജീവി ആക്രമണം നേരിടാൻ ഓരോ പ്രദേശത്തിന്റെയും പ്രത്യേകത കണക്കിലെടുത്ത് ഉചിത നടപടി സ്വീകരിക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
- KSRTC യിൽ രണ്ടു മാസത്തിനകം ജീവനക്കാർക്ക് ഒന്നാം തിയതി ശമ്പളം കൊടുത്തു തുടങ്ങുമെന്ന് മന്ത്രി KB ഗണേഷ് കുമാർ.
- ഇന്ന് ദേശീയ ശാസ്ത്ര ദിനം.
- ISL ഫുട്ബോളിൽ FC ഗോവ, പഞ്ചാബ് FC യെ പരാജയപ്പെടുത്തി.
- വനിതാ ട്വന്റി-20 ക്രിക്കറ്റിൽ ഗുജറാത്ത് ജയന്റ്സിന് ജയം.

## വാർത്തകൾ വിശദമായി

**യൂറോപ്യൻ കമ്മീഷൻ പ്രസിഡന്റ് ഉർസുല വോൺ ഡെർ ലെയ്നുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഡൽഹിയിൽ പ്രതിനിധി തല ചർച്ച നടത്തും.**

**ഡെസ്ക്ക് റിപ്പോർട്ട്**

**....(വോയ്സ്).....**

**രണ്ട് ദിവസത്തെ ഇന്ത്യാ സന്ദർശനത്തിനായി യൂറോപ്യൻ കമ്മീഷൻ പ്രസിഡന്റ് ഉർസുല വോൺ ഡെർ ലെയ്ൻ ഇന്നലെയാണ് ഡൽഹിയിലെത്തിയത്. 27 യൂറോപ്യൻ യൂണിയൻ കമ്മീഷണർമാരിൽ 22 പേരും അദ്ദേഹത്തോടൊപ്പം എത്തിയിട്ടുണ്ട്.**

**ഇന്ത്യയും യൂറോപ്പും 2004 മുതൽ തന്ത്രപരമായ പങ്കാളികളാണ്. വ്യാപാരം, നിക്ഷേപം, കാലാവസ്ഥാ വ്യതിയാനം, ശാസ്ത്ര സാങ്കേതിക വിദ്യ**

എന്നിവയുൾപ്പെടെ വിവിധ മേഖലകളിൽ ബന്ധം വ്യാപിച്ചു കിടക്കുന്നു. ചരക്കു കൈമാറ്റത്തിൽ ഇന്ത്യയുടെ ഏറ്റവും വലിയ വ്യാപാര പങ്കാളിയാണ് EU. കഴിഞ്ഞ ഒരു ദശകത്തിൽ ഉഭയകക്ഷി വ്യാപാരം 90 ശതമാനം വർധിച്ചിട്ടുണ്ട്.

✪✪✪

ഗവേഷണത്തിനും നവീകരണത്തിനും ഊന്നൽ നൽകി ആയുഷ് മേഖല ശക്തിപ്പെടുത്താൻ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. യോഗ, പ്രകൃതിചികിത്സ, ഫാർമസി മേഖല എന്നിവയ്ക്കായി സമഗ്രവും സംയോജിതവുമായ ആരോഗ്യവും സ്റ്റാൻഡേർഡ് പ്രോട്ടോക്കോളുകളും പ്രോത്സാഹിപ്പിക്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചു. ആയുഷ് മേഖല അവലോകനം ചെയ്യുന്നതിനായി പ്രധാനമന്ത്രിയുടെ നേതൃത്വത്തിൽ ന്യൂഡൽഹിയിൽ ചേർന്ന ഉന്നതതല യോഗത്തിൽ സംസാരിക്കുകയായിരുന്നു മോദി.

പ്രതിരോധ ആരോഗ്യ സംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിനും ഔഷധ സസ്യ കൃഷിയിലൂടെ ഗ്രാമീണ സമ്പദ്‌വ്യവസ്ഥയെ ഉത്തേജിപ്പിക്കുന്നതിനും ഈ മേഖലയുടെ പ്രധാന സംഭാവനകൾ യോഗത്തിൽ പ്രധാനമന്ത്രി എടുത്തുപറഞ്ഞു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ന്യൂഡൽഹിയിൽ ജഹാൻ-ഇ-ഖുസ്രു 2025 ൽ പങ്കെടുക്കും. മഹത്തായ സൂഫി സംഗീതോത്സവം ഈ വർഷം 25-ാം വാർഷികം ആഘോഷിക്കുകയാണ്. റൂമി ഫൗണ്ടേഷൻ സംഘടിപ്പിക്കുന്ന ഫെസ്റ്റിവൽ ഞായറാഴ്ച സമാപിക്കും.

✪✪✪

ബിഹാർ, പശ്ചിമ ബംഗാൾ, സിക്കിം, നേപ്പാൾ എന്നിവിടങ്ങളിലെ പല ഭാഗങ്ങളിലും പുലർച്ചെ ഭൂചലനം ഉണ്ടായി. റിക്ടർ സ്കെയിലിൽ 5.5 തീവ്രത രേഖപ്പെടുത്തിയ ഭൂചലനത്തിന്റെ പ്രഭവകേന്ദ്രം നേപ്പാളിലാണെന്ന് നാഷണൽ സെന്റർ ഫോർ സീസ്മോളജി അറിയിച്ചു.

✪✪✪

വന്യജീവി ആക്രമണ സാധ്യത കൂടിയതായി കണ്ടെത്തിയ ഹോട്ട്സ്പോട്ടുകൾ കേന്ദ്രീകരിച്ച് സവിശേഷ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർദ്ദേശിച്ചു. മനുഷ്യ വന്യജീവി സംഘർഷവുമായി ബന്ധപ്പെട്ട് സ്വീകരിച്ചു വരുന്ന നടപടികൾ വിലയിരുത്തുന്നതിന് മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ചേർന്ന ഉന്നതതല യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

....(വോയ്സ്)......

75 നിയമസഭാ മണ്ഡലങ്ങളിലായി വന്യജീവി ആക്രമണം രൂക്ഷമായ 273 ഗ്രാമപഞ്ചായത്തുകളുണ്ടെന്ന് മുഖ്യമന്ത്രി യോഗത്തിൽ അറിയിച്ചു. വന്യജീവി സംരക്ഷണ, പ്രതിരോധ പ്രവർത്തനങ്ങൾക്കായി വന്യജീവി സംഘർഷം കൂടുതലായ പഞ്ചായത്തുകളിലും, മുനിസിപ്പാലിറ്റികളിലും സന്നദ്ധ പ്രവർത്തകരുടെ പ്രൈമറി റെസ്പോൺസ് ടീം രൂപീകരിക്കും.

വന്യജീവി ആക്രമണം നേരിടാൻ ഓരോ പ്രദേശത്തിന്റെയും പ്രത്യേകത കണക്കിലെടുത്ത് ഉചിതമായ നടപടി സ്വീകരിക്കണം. വന്യജീവികൾ കൃഷി നശിപ്പിക്കുന്നതും കന്നുകാലികൾ ഉൾപ്പെടെ വളർത്തു മൃഗങ്ങളെ ആക്രമിക്കുന്നതുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരം കാലാനുസൃതമായി പരിഷ്ക്കരിക്കുന്നത് പരിഗണിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു. ലൈഫ് ഇൻഷൂറൻസ് ഏർപ്പെടുത്തുന്നതും പരിശോധിക്കും.

കാടിനകത്ത് വന്യമൃഗങ്ങൾക്ക് ആവശ്യത്തിന് വെള്ളം ലഭിക്കാൻ അടിയന്തര നടപടിയെടുക്കണമെന്നും, വന്യ ജീവികളെ കാട്ടിനകത്ത് നിർത്താനാവശ്യമായ നടപടികളാണ് ഏറ്റവും പ്രധാനമെന്നും മുഖ്യമന്ത്രി പറഞ്ഞു.

✪✪✪

വെയിൽസ് കാബിനറ്റ് സെക്രട്ടറി ജെറമി മൈൽസ് ഇന്ന് തിരുവനന്തപുരത്ത് മുഖ്യമന്ത്രിയുമായും ആരോഗ്യമന്ത്രിയുമായും കൂടിക്കാഴ്ച നടത്തും.

തിരുവനന്തപുരം മെഡിക്കൽ കോളജും, നഴ്സിംങ് കോളേജും സന്ദർശിക്കുന്ന വെയിൽസ് സംഘം വിദ്യാർത്ഥികളുമായി സംവദിക്കും.

കേരള സന്ദർശനത്തിനുശേഷം വെയിൽസ് കാബിനറ്റ് സെക്രട്ടറി മുംബൈയിലേയ്ക്കു പോകും.

✪✪✪

KSRTC മാറ്റത്തിന്റെ പാതയിലാണെന്ന് മന്ത്രി K.B ഗണേഷ് കുമാർ പറഞ്ഞു. ചങ്ങനാശ്ശേരിയിൽ പുതിയ KSRTC ബസ് സ്റ്റേഷന്റെ നിർമ്മാണോദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. ഒന്നോ രണ്ടോ മാസത്തിനുള്ളിൽ തന്നെ ജീവനക്കാർക്ക് ഒന്നാം തീയതി ശമ്പളം കൊടുത്തു തുടങ്ങും. പെൻഷനും കൃത്യമായി നൽകുമെന്നും മന്ത്രി പറഞ്ഞു.

സാധാരണക്കാർക്കും എയർ കണ്ടീഷൻ ബസ്സിൽ യാത്ര ചെയ്യാൻ സൗകര്യമൊരുക്കും. ഇതിനായി ഏതാനും സ്വിഫ്റ്റ് ബസുകൾ വലിയ ചാർജ് വർദ്ധന ഇല്ലാതെ AC ആക്കും. വൈകാതെ ചലോ ആപ്പ് സംവിധാനം കൊണ്ടുവരും.

ടിക്കറ്റ് ബുക്ക് ചെയ്യുന്നതിന് മാത്രമല്ല, ബസ് എവിടെയെത്തി, സീറ്റ് ഒഴിവുണ്ടോ തുടങ്ങിയ കാര്യങ്ങളും ആപ്പിൽ നോക്കി മനസ്സിലാക്കാൻ കഴിയുമെന്നും മന്ത്രി അറിയിച്ചു. സീറ്റ് ഉണ്ടെങ്കിൽ ബസ് പുറപ്പെട്ടു കഴിഞ്ഞും ടിക്കറ്റ് ബുക്ക് ചെയ്യാൻ കഴിയുന്നതാണ് ഈ ആപ്പ്. ഡെബിറ്റ് കാർഡ് വഴിയും UPI സംവിധാനം വഴിയും പണമടയ്ക്കാം. റീചാർജ് ചെയ്ത് ഉപയോഗിക്കാവുന്ന KSRTC കാർഡുകൾ വീണ്ടും കൊണ്ടുവരുമെന്നും ഗണേഷ് കുമാർ പറഞ്ഞു.

✪✪✪

കടൽമണൽ ഖനന നീക്കത്തിനെതിരെ മത്സ്യത്തൊഴിലാളി സംഘടനകൾ ആഹ്വാനം ചെയ്ത തീരദേശ ഹർത്താൽ അർദ്ധരാത്രി അവസാനിച്ചു. പരമ്പരാഗത യാനങ്ങളും, ട്രോളിങ് ബോട്ടുകളും മത്സ്യബന്ധനത്തിന് പോയില്ല. മത്സ്യബന്ധന തുറമുഖങ്ങളുടെയും, വിപണന കേന്ദ്രങ്ങളുടെയും പ്രവർത്തനത്തെയും ഹർത്താൽ ബാധിച്ചു.

✪✪✪

ഇന്ന് ദേശീയ ശാസ്ത്ര ദിനം. പ്രശസ്ത ഭൗതിക ശാസ്ത്രജ്ഞൻ സർ C.V രാമൻ, 'രാമൻ പ്രഭാവം' കണ്ടെത്തിയതിന്റെ സ്മരണയ്ക്കാണ് എല്ലാ വർഷവും ഫെബ്രുവരി 28 ശാസ്ത്ര ദിനമായി ആചരിക്കുന്നത്. ശാസ്ത്രത്തിന്റെ പ്രാധാന്യത്തെയും അതിന്റെ പ്രയോഗത്തെയും പറ്റി ജനങ്ങളിൽ സന്ദേശം എത്തിക്കുകയാണ് ദിനാചരണത്തിന്റെ ലക്ഷ്യം.

ദേശീയ ശാസ്ത്ര ദിനത്തിൽ രാജ്യത്ത് വൈവിധ്യമാർന്ന ശാസ്ത്ര ആശയവിനിമയ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. കേന്ദ്രമന്ത്രി ഡോ. ജിതേന്ദ്ര സിംഗ് ഇന്ന് ദേശീയ ശാസ്ത്ര ദിന ആഘോഷങ്ങളിൽ പങ്കെടുക്കും.

തിരുവനന്തപുരം കേരള ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിലെയും, ചാലക്കുടി റീജിയണൽ സയൻസ് സെന്ററിലെയും, ഗാലറികളും സയൻസ് പാർക്കും ഇന്ന് രാവിലെ 10 മുതൽ വൈകീട്ട് 5 വരെ സൗജന്യമായി സന്ദർശിക്കാൻ സൗകര്യം ഒരുക്കിയിട്ടുണ്ട്.

✪✪✪

പ്രിയകഥാകാരൻ MT യ്ക്ക് ആദരമായി തുഞ്ചൻ ഉത്സവത്തിന് ഉജ്വല തുടക്കം. "പ്രണാമം എം ടി, തുഞ്ചൻ ഉത്സവം 2025' തമിഴ് സാഹിത്യകാരി ശിവശങ്കരി ഉദ്ഘാടനംചെയ്തു. ലോകം ആരാധിക്കുന്ന എഴുത്തുകാരനാണ് MT യെന്നും അദ്ദേഹത്തിന്റെ പ്രവർത്തനം തുഞ്ചൻപറമ്പിനെ വളർച്ചയുടെ പാതയിലെത്തിച്ചെന്നും ശിവശങ്കരി പറഞ്ഞു. MT വാസുദേവൻ നായരുടെ പേരിൽ യുവ എഴുത്തുകാർക്ക് എൻഡോവ്മെന്റ് നൽകാൻ ആഗ്രഹിക്കുന്നതായും അവർ പ്രഖ്യാപിച്ചു.

എഴുത്തുകാരനും തുഞ്ചൻ സ്മാരക ട്രസ്റ്റ് ചെയർമാനുമായ വൈശാഖൻ അധ്യക്ഷനായി. പുസ്തകോത്സവം MP അബ്ദുസമദ് സമദാനി MP ഉദ്ഘാടനംചെയ്തു.

✪✪✪

ISL ഫുട്ബോളിൽ FC ഗോവ, പഞ്ചാബ് FC യെ പരാജയപ്പെടുത്തി. ന്യൂഡൽഹിയിൽ എതിരില്ലാത്ത ഒരു ഗോളിനാണ് ഗോവയുടെ ജയം.

ഇന്ന് രാത്രി 7.30-ന് ഭുവനേശ്വറിൽ ഒഡിഷ FC, മൊഹമ്മദൻ SC യെ നേരിടും.

✪✪✪

വനിതാ ട്വന്റി-20 പ്രീമിയർ ലീഗ് ക്രിക്കറ്റിൽ ഗുജറാത്ത് ജയന്റ്സ് ആറ് വിക്കറ്റിന് റോയൽ ചലഞ്ചേഴ്സ്, ബംഗലൂരുവിനെ പരാജയപ്പെടുത്തി.

ഇന്ന് ഡൽഹി ക്യാപിറ്റൽസ് മുംബൈ ഇന്ത്യൻസിനെ നേരിടും. ബംഗലുരുവിൽ വൈകിട്ട് 7-30 നാണ് മത്സരം.

✪✪✪

പത്തനംതിട്ട ജില്ലയിൽ ലഹരിമരുന്നു കേസുകൾ വർദ്ധിക്കുകയാണ്.

ആകാശവാണി ജില്ലാപ്രതിനിധി ശ്രീജി S ശ്രീധർ തയ്യാറാക്കിയ റിപ്പോർട്ട്.

....(വോയ്സ്).......

പത്തനംതിട്ട ജില്ലയിൽ ലഹരിവസ്തുക്കളുടെ വില്പനയും കൈമാറ്റവും തടയുന്നതുമായി ബന്ധപ്പെട്ട് ജില്ലാ പോലീസ് മേധാവിയുടെ നേതൃത്വത്തിൽ തുടരുന്ന

ഓപ്പറേഷൻ ഡി ഹണ്ടിലൂടെ കഴിഞ്ഞ മാസം 41 കേസുകളിലായി അറസ്റ്റിലായത് കൂടുതലായും 30 വയസ്സിനു താഴെയുള്ള യുവാക്കളാണ്. രാസലഹരിയും കഞ്ചാവും ഉൾപ്പെടെയുള്ളവയാണ് കണ്ടെത്തുന്നത്.

മിക്ക ഗവൺമെന്റ് എയ്ഡഡ് സ്കൂളുകളിലും കോളജുകളിലും കോളജ്ഹോസ്റ്റലുകളിലും

ആന്റി നർകോട്ടിക് സെല്ലുകൾ പ്രവർത്തിച്ചുവരുന്നുണ്ടെങ്കിലും ലഹരി ഉപയോഗത്തിൽ സ്കൂൾ കുട്ടികൾ പോലും പിന്നിലല്ല. രാത്രികാലങ്ങളിൽ പത്തനംതിട്ട നഗരത്തിന്റെ പ്രധാന റോഡുകളിൽ പോലും ഇത്തരക്കാരെ കാണാം. ലഹരിക്കെതിരെ ബോധവത്കരണ പരിപാടികളും പരിശോധനകളും ഊർജിതമാക്കിയിട്ടും വിദ്യാർഥികളിലും യുവാക്കളിലും ഇത്തരം ശീലങ്ങൾ വർദ്ധിച്ചു വരുന്നത് ആശങ്ക സൃഷ്ടിക്കുന്നുണ്ട്.

✪✪✪

കോഴിക്കോട് കിഴക്കോത്ത് തുവക്കുന്ന് തേനീച്ചയുടെ കുത്തേറ്റ വയോധികൻ മരിച്ചു. ഭാസ്ക്കരൻ  ആണ് മരിച്ചത്.

✪✪✪

കോഴിക്കോട് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ രാവിലെ 11 ന് ചേമഞ്ചേരി ഗ്രാമപഞ്ചായത്തിലെ പതിനേഴാം വാർഡിൽപ്പെട്ട വലിയാണ്ടിയിൽ മോക്ഡ്രിൽ സംഘടിപ്പിക്കും. സുനാമി ബോധവൽക്കരണം, സുനാമിയെ നേരിടുന്നതുമായി ബന്ധപ്പെട്ട സംവിധാനങ്ങളുടെ കാര്യക്ഷമത ഉറപ്പുവരുത്തൽ എന്നിവ ലക്ഷ്യമിട്ടാണ് മോക്ഡ്രിൽ സംഘടിപ്പിക്കുന്നത്.

✪✪✪

നബാർഡിന്റെ 2023-24 വർഷത്തെ ഗ്രേഡിങ്ങിൽ കേരള ബാങ്കിനെ C ഗ്രേഡിൽ നിന്നും B ഗ്രേഡിലേക്ക് ഉയർത്തിയതായി മന്ത്രി VN വാസവൻ അറിയിച്ചു. നടപ്പു  സാമ്പത്തിക വർഷം 18,000 കോടി രൂപയിലധികം തുകയുടെ വായ്പകൾ വിതരണം ചെയ്തെന്നും, മുൻ വർഷത്തെ അപേക്ഷിച്ച് 2,000 കോടി രൂപ അധികമാണിതെന്നും മന്ത്രി തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ അറിയിച്ചു.

✪✪✪

കണ്ണൂർ നിയോജക മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കേണ്ട വിവിധ പദ്ധതികൾ വേഗത്തിലാക്കാൻ  മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. 356 കോടി ഏഴ് ലക്ഷം രൂപയുടെ പദ്ധതികളാണ് മണ്ഡലത്തിൽ പൂർത്തിയായിക്കൊണ്ടിരിക്കുന്നത്.

✪✪✪

പിണറായി  ഗവൺമെന്റിനെതിരെ പ്രതിഷേധം ശക്തമാക്കാൻ UDF തീരുമാനിച്ചതായി കൺവീനർ M.M  ഹസൻ അറിയിച്ചു. സംസ്ഥാനത്ത് വർധിച്ചുവരുന്ന കൊലപാതകങ്ങൾക്കും ലഹരി വ്യാപനത്തിനുമെതിരെ അടുത്ത ബുധനാഴ്ച സെക്രട്ടറിയേറ്റിന് മുന്നിൽ 'നോ ക്രൈം, നോ ഡ്രഗ്സ് ' എന്ന  മുദ്രാവാക്യം ഉയർത്തി UDF ഉപവാസം നടത്തുമെന്നും അദ്ദേഹം തിരുവനന്തപുരത്ത് പറഞ്ഞു.

കടൽ മണൽ ഖനനത്തിൽ LDF മായി ചേർന്ന് സമരം വേണ്ടെന്നാണ് UDF തീരുമാനമെന്നും, സ്വന്തം നിലയ്ക്ക് സമരം ചെയ്യുമെന്നും ഹസൻ പറഞ്ഞു. താഴെ തട്ടിലെ പ്രവർത്തകർക്കായി ക്യാമ്പ് സംഘടിപ്പിക്കും.

പ്രതിപക്ഷ നേതാവ് VD  സതീശന്റെ നേതൃത്വത്തിൽ ഏപ്രിൽ 21 മുതൽ 30 വരെ തീരദേശ യാത്ര സംഘടിപ്പിക്കുമെന്നും ഹസൻ അറിയിച്ചു.  വനം നിയമത്തിൽ ഇളവ് ആവശ്യപ്പെട്ട് പ്രധാനമന്ത്രിയെ കാണാനും UDF തീരുമാനിച്ചതായും കൺവീനർ പറഞ്ഞു.

✪✪✪

NSS ടെക്നിക്കൽ സെൽ, സംസ്ഥാനത്തെ പോളി ടെക്നിക്കുകളിലെ നാഷണൽ സർവീസ് സ്കീം വോളന്റിയർമാർക്ക് വേണ്ടി തിരൂർ സീതി സാഹിബ് മെമ്മോറിയൽ പോളിടെക്നിക്ക് കോളേജിൽ ഇന്നും നാളെയും എനർജി ഓഡിറ്റിങ് ശിൽപശാല സംഘടിപ്പിക്കും. സംസ്ഥാനത്തെ ഒരു ലക്ഷം വീടുകളിലെയും അനുബന്ധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ഊർജ സംരക്ഷണവും എനർജി ഓഡിറ്റിങ്ങും ലക്ഷ്യമിട്ട് സംഘടിപ്പിക്കുന്ന ക്യാമ്പയിനിന്റെ തയ്യാറെടുപ്പിന്റെ ഭാഗമായാണ് ദ്വിദിന ശിൽപശാല നടത്തുന്നത്.

കുറുക്കോളി മൊയ്ദീൻ MLA ശിൽപശാല ഉദ്ഘാടനം ചെയ്യും.

✪✪✪

തലശ്ശേരി പൊന്ന്യം ഏഴരക്കണ്ടത്ത് ഒരാഴ്ചയായി നടന്നു വന്ന പൊന്ന്യത്തങ്കം സമാപിച്ചു. സമാപന സമ്മേളനം V.ശിവദാസൻ MP ഉദ്ഘാടനം ചെയ്തു.

✪✪✪

പ്രിയ ശ്രോതാക്കളെ,

വാർത്താ ബഹുലമായ 27 വർഷത്തെ എന്റെ ഔദ്യോഗിക ജീവിതം ഇന്ന് ഈ ബുള്ളറ്റിനോടെ അവസാനിക്കുകയാണ്. ഡൽഹിയിലും തിരുവനന്തപുരത്തും കോഴിക്കോട്ടും ആകാശവാണി വാർത്താ അവതാരകൻ എന്ന നിലയിൽ വാർത്തകളോടും സംഭവങ്ങളോടും അങ്ങേയറ്റം നീതി പുലർത്താൻ കഴിഞ്ഞു എന്ന ചാരിതാർത്ഥ്യത്തോടെയാണ് ഞാൻ പടിയിറങ്ങുന്നത്. ശ്രോതാക്കളുടെ തിരുത്തലുകൾക്കും നിർദ്ദേശങ്ങൾക്കും നന്ദി.

എല്ലാ ശ്രോതാക്കൾക്കും എന്റെ സ്നേഹാശംസകൾ...

✪✪✪

---

*News Reader: ഹക്കീം കൂട്ടായി*
*News Team: അനുഷ ആത്മപ്രകാശ്, ശരണ്യ രാജൻ*
*DEO: ഷീബ*